# ACADEMY OF MEDICAL SCIENCES

## PARIYARAM- 670503, KANNUR DISTRICT, KERALA

Phone: 0497-2808080, 2808111, 121 (15 Lines), Fax: 0497-2808133
Email: pmch.pariyaram@gmail.com, Web: www. mcpariyaram.com
Recognised by MCI, Vide No. V. 11015/2/2002-ME (Policy-1) dated 09-07-2002

456/PR/Dtd 05.07.2017 പ്രസിദ്ധീകരണത്തിന്

### അപേക്ഷ ഓൺലൈൻ വഴി

## ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സിൽ

# പരിയാരത്ത് വെള്ളിയാഴ്ച മുതൽ അപേക്ഷിക്കാം

കണ്ണൂർ : പരിയാരം മെഡിക്കൽ കോളേജിൽ 2017-18 അധ്യയന വർഷത്തെ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി (ബി.എസ്.സി-എം.എൽ.ടി) കോഴ്സിൽ വെള്ളിയാഴ്ച (07.07.2017) മുതൽ അപേക്ഷിക്കാൻ സാധിക്കും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. മാനേജുമെന്റ്, എൻ.ആർ.ഐ ക്വാട്ടകളിലാണ് അപേക്ഷിക്കാൻ കഴിയുക. അപേക്ഷകർ, ബയോളജി വിഷയത്തിൽ പ്രത്യേകമായി കുറഞ്ഞത് 50 ശതമാനം മാർക്കും ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളിൽ മൊത്തം കുറഞ്ഞത് 50 ശതമാനം മാർക്കും നേടി പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം. 500 രൂപയാണ് അപേക്ഷാഫീസ്. ജൂലൈ 25 ന് രാത്രി 12 മണിവരെയാണ് ഈ കോഴ്സിൽ ഓൺലൈൻ വഴി അപേക്ഷിക്കാൻ സാധിക്കുക.

ഓൺലൈൻവഴി ലഭിക്കുന്ന അപേക്ഷകൾ മാത്രമാണ് പ്രവേശനത്തിനായി പരിഗണിക്കുക. മാനേജുമെന്റ്, എൻ.ആർ.ഐ ക്വാട്ടകളിൽ ഒരുമിച്ചും പ്രത്യേകം പ്രത്യേകമായും അപേക്ഷിക്കാൻ കഴിയും. ഇതനുസരിച്ച് അപേക്ഷകന് ഇ-മയിൽ വിലാസം നിർബന്ധമാണ്. ഓൺലൈൻ അപേക്ഷാ ഫോറത്തിലെ മുഴുവൻ കോളവും പൂരിപ്പിച്ചാൽ മാത്രമേ അപേക്ഷ സേവ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. സേവ് ചെയ്ത ഓൺലൈൻ അപേക്ഷാഫോറത്തിന്റെ ഹാർഡ്കോപ്പിയും അപേക്ഷാഫോറം നിരക്കായ നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും, "പ്രിൻസിപ്പാൾ, പരിയാരം മെഡിക്കൽ കോളേജ്, അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ-670503" എന്ന വിലാസത്തിൽ 28.07.2017 ന് വൈകീട്ട് 4 മണിക്കു മുമ്പ് തപാൽ വഴിയോ നേരിട്ടോ ലഭിച്ചിരിക്കണം.

സർക്കാർ തീരുമാനവുമായി യോജിച്ചുപോവുന്നതാണ് പരിയാരത്തെ പ്രവേശനരീതി. ഡോക്ടർ ഓഫ് ഫാർമസി, ബാച്ചിലർ ഓഫ് ഫാർമസി എന്നീ ഡിഗ്രി കോഴ്സുകളിലും ഓപ്പറേഷൻ തീയ്യേറ്റർ ടെക്നോളജി, മെഡിക്കൽ ലബോറട്ടറി ടെക്നോളജി, കാർഡിയോ വാസ്ക്കുലാർ ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി എന്നീ ഡിപ്ലോമ കോഴ്സുകളിലും അടുത്തയാഴ്ച അപേക്ഷ ക്ഷണിക്കും. വിശദാംശങ്ങൾ www.mcpariyaram.com എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണെന്നും അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ഡയരക്ടർ അറിയിച്ചു.

**S/d**
**ഡയരക്ടർ**
(കെ.രവി)